കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്

2015-16

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട് ജില്ലാ കാര്യാലയം

e-mail:dopkd.ksad@kerala.gov.in

നം.കെ.എസ്.എ. പി.കെ.ഡി. പി12-2297എ/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട് ജില്ല കാര്യാലയം

തീയതി.31.12.2016.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്

( സെക്രട്ടറി മുഖേന)

വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെള്ളിനേഴി ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. പി.കെ.ഡി. പി12-2297എ/2016 തിയ്യതി:31.12.2016.

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 13.7.16 മുതൽ 8-12-16. തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ(13.7 .16മുതൽ 8-12-16. തിയ്യതി വരെ ) എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ. എൻ. വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.12.2016 മുതൽ 21.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുസ്മിത.കെ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വി.ആർ. ഷീജ. ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സി.ജെ.ഗീത | 1.04.2015 മുതൽ 31.10.2015 വരെ |
| | ഭരണനിർവഹണകമ്മിറ്റി | 1.11.15 മുതൽ 11.11.15 വരെ |
| | ശ്രീ.കെ.ശ്രീധരൻ | 12.11.15 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. പി.സെയ്തലവി | 01.04.2015 മുതൽ 19.4.15 വരെ |
| | ശ്രീ. അഭയൻ എച്ച്.സി (I/c) | 20.4.15 മുതൽ 7.5.15 വരെ |
| | ശ്രീ.ഉണ്ണികൃഷ്ണൻ.എ | 8.5.15 മുതൽ 31.3.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അനിലകുമാരൻ | 1.04.2015 മുതൽ 17.06.2015 വരെ |
| | ശ്രീ. ബാലകൃഷ്ണൻ.കെ.പി | 17..6.15 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീ.കുമാരൻ.കെ | 1.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലതാകുമാരി | 1.04.2015 മുതൽ 31.08.2015 വരെ |
| | | 1.9.15 മുതൽ 31.8.15 വരെ |
| വെറ്റിനറി സർജൻ | ഡോ.ശരവണൻ | 1.04.2015 മുതൽ 12.06.2015 വരെ |
| | ഡോ.ഭാഗ്യലക്ഷ്മി | 16.6.15 മുതൽ 25.6.15 വരെ |
| | ഡോ.സുജിത് .എം.എസ് | 26.6.15 മുതൽ 30.12.15 |
| | ഡോ.മീര ബെൻ വക്കച്ചൻ | 30.12.15 മുതൽ 31.3.16 വരെ |
| എം.ഒ. പി.എച്ച്.സി | ഡോ.സഞ്ജു.കെ.എസ് | .04.2015 മുതൽ 7.06.2015 വരെ<br>17.8.15 മുതൽ 26.1.16 വരെ |
| | ഡോ.ഒമർ മുഹമ്മദ് അലി | 8.6.15 മുതൽ 16.8.15 വരെ |
| | ഡോ.നിതുൻകബീർ | 27.1.16 മുതൽ 31.3.16 |
| വി.ഇ.ഒ. | ശ്രീ.ഗോപകുമാർ | 1.04.2015 മുതൽ 31.03.2016 വരെ |
| എച്ച്.എം | ശ്രീ.രാമൻകുട്ടി | 1.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. പ്രസന്ന | 1.04.2015 മുതൽ 31.03.2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30-3-2015 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് (മുന്നിരിപ്പ് 23082454 രൂപ ഉൾപ്പെടെ ) 80550377 രൂപയും ചെലവ് 74879513 രൂപയുമാണ്. നീക്കിയിരിപ്പ് 5670864 /- രൂപയാണ്.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2. വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 28-6-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിച്ചിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 18319305 |
| വരവ് | 37261491 |
| ആകെ | 55580796 |
| ചെലവ് | 45882293 |
| നീക്കിയിരിപ്പ് | 9698503 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | തൻ വർഷ വരവ് | ആകെ | ചെലവ് | മറ്റു ഫണ്ടു കളിലേ ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത് | ലാപ്സായ ഫണ്ട് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 2041037 | 5305315 | | 7346352 | 6065154 | | 1281198 |
| | Cons olidated fund | | 6717222 | 6717222 | 0 | | 6717222 |
| വികസന ഫണ്ട് എസ്.സി.പി | 2435765 | | | 2435765 | 1966277 | 469488 | |
| | Cons olidated fund | | 5323488 | 5323488 | 4007056 | | 1316432 |
| ടി.എസ്.പി | | | 138000 | 138000 | 138000 | | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 596838 | | | 596838 | 1140471 | -543633 | m.g.(non road fund ൽ നിന്നും 543633 ചെല വഴിച്ചു) |
| | Cons olidated fund | | 7347000 | | 6145893 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1484500 | | | 1484500 | 940867 | 543633 (Road ന് ചെല വഴിച്ചു) | 0 |
| | Cons olidated fund | | 2115000 | | 1744054 | | 370946 |
| ധനകാര്യ കമ്മീ ഷൻ ഗ്രാന്റ് | 3015258 | | 1234013 | 4249271 | 1359893 | 2889378 | |
| | Cons olidated fund | | 4399126 | 4399126 | 3104440 | | 1294686 |
| പെർഫോമൻസ് ഗ്രാന്റ് | 1946449 | | | 1946449 | | 1946449 | |
| | Cons olidated fund | | 1946449 | 1946449 | 1797933 | | 148516 |

TC From

SCP – 469488

cfc- 2889378

world bank - 1946449
അനുവദിക്കപ്പെട്ട പ്ലാൻഫണ്ട് വിനിയോഗിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|---|
| 2015-16 | 203 | 39506915 | 172 | 28849559 | - | 31 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 85% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 73% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | % |
|---|---|---|---|---|
| നികുതി വരവുകൾ | 1527622 | 2066472 | 538850 | 35.27 |
| നികുതിയേതര വരവുകൾ | 75321 | 212853 | 137532 | 182.59 |
| മറ്റു വരവുകൾ | 148799 | 274184 | 125385 | 84.26 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 18 | 18 | - |
| 2 | വിധവാ പെൻഷൻ | 55 | 54 | 1 |
| 3 | വികലാംഗ പെൻഷൻ | 4 | 4 | - |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 13 | - |
| 5 | വാർദ്ധക്യകാല പെൻഷൻ | 185 | 162 | 23 |

പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ 60 ദിവസത്തിലധികം കാലതാമസം ഉണ്ടാകുന്നുണ്ട്. അപേക്ഷകൾ പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്നതിലാണ് കാലതാമസം വരുന്നത്. എച്ച്.ഐ. അന്വേഷണം നടത്തുന്ന വികലാംഗപെൻഷൻ അപേക്ഷകളിലാണ് കൂടുതൽ കാലതാമസം ഉണ്ടാകുന്നത്. സമയപരിധിക്കകം അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 കാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-12-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2301 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 തെരുവുവിളക്കുകളുടെ പരിപാലനം/വൈദ്യുതി ചാർജ്

വൈദ്യുതി ബോർഡിന് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 23580/- രൂപ ഒടുക്കുന്നുണ്ട്.കൂടാതെ 4 ഹൈമാസ്റ്റ് ലാമ്പുകൾക്കുള്ള മീറ്റർ ചാർജ്ജും ഒടുക്കുന്നുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കുകളൊന്നും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. രജിസ്റ്ററിൽ 784 സി.എഫ്.എൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ കെ.എസ്.ഇ ബി.യിൽ നിന്നും ഇതു സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല .

## 1-11 കുടിവെള്ള പദ്ധതികളുടെ വിവരം

ഗ്രാമപഞ്ചായത്ത് നേരിട്ട് കുടിവെള്ള പദ്ധതികളൊന്നും നടത്തുന്നില്ല. എന്നാൽ 5 പദ്ധതികളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നുണ്ട്. പൊതുടാപ്പുകൾ മാത്രമുള്ള പദ്ധതികളാണ് ഇവയെല്ലാം. വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ളകണക്ഷൻ ലഭ്യമാക്കി പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 പൊതു ടാപ്പുകളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ ജല അതോറിറ്റിയുടെ 6പൊതുടാപ്പുകൾ നിലവിലുണ്ട്.പ്രതിമാസം 2625/- രൂപ വെള്ളക്കരമായി ഒടുക്കുന്നുണ്ട്.

## 1-13 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്തിൽ പ്രസിഡൻറിന്റെ ദുരിതാശ്വാസനിധി നിലവിലില്ല.നിയമാനുസൃതം ദുരതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ്നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.16<br>24.10.16 | 10/16<br>8/16 | ലഭിച്ചിട്ടില്ല.<br>26.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.5.11 to 2.6.11 | 2006-07 to 2010-11 | 7.7.11 |

## 1-15 പൊതു വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 3118 ഹെക്ടർ |
| വാർഡുകൾ | 13 |
| ജനസംഖ്യ | 19458 |
| സ്ത്രീ | 9982 |
| പുരുഷൻ | 9476 |
| പട്ടികജാതി | 3272 |
| പട്ടികവർഗ്ഗം | - |
| ബ്ലോക്ക് | ശ്രീകൃഷ്ണപുരം |
| നിയമസഭാ മണ്ഡലം | ഷൊർണ്ണൂർ |
| ലോകസഭാ മണ്ഡലം | പാലക്കാട് |
| താലൂക്ക് | ഒറ്റപ്പാലം |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ 2015-16 വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർധവർഷം |
|---|---|---|
| 1 | പഞ്ചായത്ത് സർവീസ് കോ- ബാങ്ക്, വെള്ളിനേഴി | 2015-16ഒന്നും രണ്ടും അർധവർഷം |
| 2 | വനിത സഹകരണ ക്രെഡിറ്റ് സൊസൈറ്റി<br>തിരുനാരായണപുരം | 2015-16ഒന്നും രണ്ടും അർധവർഷം |
| 3 | റബ്ബർ ബോർഡ്, തിരുവഴിയാട് | 2015-16ഒന്നും രണ്ടും അർധവർഷം |

സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വീട്ടുവാടക, സിസിഎ, ടിഎ എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്

പഞ്ചായത്തിലെ മിക്ക സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കിയതിൽ വീട്ടുവാടക ഉൾപ്പെടുത്തിയിട്ടുണ്ട്.

24-08-2005 ലെ പഞ്ചായത്ത് രാജ് ആക്ട് 1994/ sec.204 തൊഴിൽ നികുതി ഭേദഗതി പ്രകാരം വീട്ടുവാടക, സിസിഎ, ടിഎ എന്നിവ

തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അപേക്ഷ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

2013-14 , 2014-15 എന്നീ വർഷങ്ങളിലെ ഡി &ഒ ലൈസൻസ് അപേക്ഷകളിൽ അപേക്ഷയെക്കുറിച്ചുള്ള അന്വോഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളൊന്നിലും ഒരു ദിവസത്തെ വിറ്റുവരവ് എത്ര രൂപ എന്ന കോളം പൂരിപ്പിച്ചിട്ടില്ല. അപേക്ഷകളിൽ പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം എഴുതിചേർത്തിട്ടില്ല കൂടാതെ മിക്ക അപേക്ഷകളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക് റിപ്പയർ - പ്ലാൻഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

2015-16 ൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണിക്കായി താഴെ പറയുന്ന രണ്ട് പ്രൊജക്ടുകൾ സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | ഫണ്ട് | അടങ്കൽ | ചെലവ് - ബിൽ നം | |
|---|---|---|---|---|
| 5/16 | പ്ലാൻ (ജനറൽ) | 300000 | 25/10.12.15 | 154550 |

| | | | | |
|---|---|---|---|---|
| | | | 43/14.3.16 | 145200 |
| 97/16 | പ്ലാൻ (എസ്.സി.പി) | 136961 | 26/10.12.15 | 74250 |
| | | | 44/14.3.16 | 62700 |
| ആകെ | | | | 436700 |

പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടികയിലെ എ- 15 പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയാണ്. പ്രസ്തുത ചെലവിനായി പ്ലാൻഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല.പദ്ധതിമാർഗരേഖയിൽ പ്രതിപാദിക്കുന്ന പ്രവൃത്തികൾക്ക് മാത്രമാണ് പ്ലാൻഫണ്ട് ചെലവഴിക്കാവുന്നത്.സർക്കാറിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ മറ്റു മേഖലകളിൽ പദ്ധതിഫണ്ട് ചെലവഴിക്കുവാൻ അനുവാദമുള്ളൂ. ഓഡിറ്റ് എൻക്വയറി – 4/ 17.12.16 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിന് തനത് വരുമാനം കുറവായതിനാലാണ് പദ്ധതിഫണ്ട് വിനിയോഗിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് തെരുവ് വിളക്കുകൾക്ക് നിയമാനുസൃതം സേവന നികുതി ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയായ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് പദ്ധതി ഫണ്ട് ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ചെലവ് തുക 436700 ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-2 ഫർണ്ണീച്ചർ വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി താഴെ പറയുന്ന ഫർണ്ണീച്ചർ പർച്ചേസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| | | | ബിൽ നം | തുക |
|---|---|---|---|---|
| ഘടക സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ (85/16) | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 300000 | 31/29.1.16 | 299999 |
| സേവാഗ്രാം (188/16) | പ്ലാൻ(ജ) | 182000 | 32/29.1.16<br>59/30.3.16 | 114704<br>25090 (ഫെസിലി റ്റേറ്റർമാർക്ക് ഹോണറേറിയം) |

a)ഘടക സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ (85/16)

പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും ഫർണ്ണീച്ചറുകൾ നേരിട്ട് വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഫർണ്ണീച്ചറുകളുടെ വിവരവും റേറ്റും സർക്കാർ ഉത്തരവിൽ (ജി.ഒ.(ആർ.റ്റി) -26/15/ spd/28.5.15 ) നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റീൽ, മരം എന്നിവകൊണ്ട് നിർമ്മിച്ച ഫർണ്ണീച്ചറുകളാണ് ഇപ്രകാരം വാങ്ങാവുന്നത്. എന്നാൽ ഉത്തരവിൽ നിഷ്കർഷിക്കാത്ത ഇനമായ പ്ലാസ്റ്റിക് ചെയറും (187 എണ്ണം -118834 രൂപ) ഗ്രാമപഞ്ചായത്ത് നേരിട്ട് വാങ്ങിയിട്ടുണ്ട്. കൂടാതെ ഒരു വാട്ടർ പ്യൂരിഫയറും 6 സീലിംഗ് ഫാനുകളും (ആകെ 30250 /- രൂപ) ഇതോടൊപ്പം സിഡ്കോയിൽ നിന്ന് വാങ്ങിയിട്ടുണ്ട്.സിഡ്കോ നേരിട്ട് നിർമ്മിക്കാത്തതും സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമല്ലാത്തതുമായ മേൽപറഞ്ഞ ഇനങ്ങൾ നിയമാനുസൃത ടെണ്ടർ /ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരിട്ട് വാങ്ങിയ നടപടി ക്രമപ്രകാരമല്ല.

വാട്ടർ പ്യൂരിഫയർ(16427/-) നിലവിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലാണ് ഉപയാഗിക്കുന്നത്. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് മാത്രം വിനിയോഗിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചത് ക്രമപ്രകാരമല്ല.

b)സേവാഗ്രാം കേന്ദ്രങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങൾ

പദ്ധതി പ്രകാരം 13 സ്റ്റീൽടേബിളുകളും, 52 പ്ലാസ്റ്റിക് ചെയറുകളും സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിയതിന് 114704 രൂപ നൽകിയിട്ടുണ്ട് . സർക്കാർ ഉത്തരവിൽ നിഷ് കർഷിക്കാത്ത പ്ലാസ്റ്റിക് ചെയറുകൾ (81361 രൂപ)സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല.

പ്രൊക്യൂർ മെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ രണ്ട് പദ്ധതികളിലുമായി പർച്ചേസ് നടത്തിയ പ്ലാസ്റ്റിക് ചെയർ, വാട്ടർ പ്യൂരിഫയർ, ഫാൻ എന്നിവയുടെ ചെലവ് തുക 263788/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 സ്ഥലം വാങ്ങൽ പദ്ധതി -നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട് - ബംഗ്ലാവ് കുന്ന് അങ്കണവാടിക്ക് സ്ഥലം വാങ്ങൽ

പ്രൊജക്ട് നമ്പർ - 96/16

അടങ്കൽ - ധനകാര്യകമ്മീഷൻ ഗ്രാന്റ് - 300000/-

ചെലവ് -

ബിൽ നം- 19/23.9.16 – 266337/-

നിർവഹണം - സെക്രട്ടറി

പദ്ധതി പ്രകാരം അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് പത്രപരസ്യം ചെയ്യുകയും ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്ത ശ്രീമതി.സിന്ധു.എം.പി യിൽ നിന്നും 5 സെന്റിന് 242905/- രൂപയ്ക്ക് സ്ഥലം വാങ്ങുകയും ചെയ്തു.

പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ) ചട്ടങ്ങൾ - 5 ബി) പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന് നിശ്ചയിക്കുന്ന വില ബന്ധപ്പെട്ട തഹസിൽദാർ/ ജില്ലാകളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയിൽ കവിയുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് സെന്റിന് 37370/- (4068/31.10.14) രൂപ വില വരുന്നതായി കണക്കാക്കുന്ന എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം അടിസ്ഥാനമാക്കിയാണ് വില നൽകിയത്. നിയമാനുസൃതം കളക്ടർ/ തഹസിൽദാർ എന്നിവരിൽ നിന്നും വില നിർണ്ണയിച്ച് വാങ്ങിയിട്ടില്ല.

വില്ലേജ് ഓഫീസർ നിർണ്ണയിച്ച വിലയുടെ 30% അധികം നൽകിയിട്ടുണ്ട്. ഭരണസമിതിയുടെ 26/8/2015 ലെ 3(2) തീരുമാനപ്രകാരമാണ്. 13 മെമ്പർമാരുള്ള സമിതിയുടെ യോഗത്തിൽ 11 മെമ്പർമാർ പങ്കെടുത്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഭൂമി വാങ്ങുമ്പോൾ ചട്ടങ്ങളിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഡെപ്പോസിറ്റ് പ്രവൃത്തികൾ - നടപടിക്രമം പാലിച്ചില്ല

താഴെ പറയുന്ന കുടിവെള്ളപദ്ധതികൾക്കായി സെക്രട്ടറി, പ്ലാൻ & മെയിന്റനൻസ് ഫണ്ട് തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

| പദ്ധതി | ഫണ്ട് | ബിൽ നം | തുക |
|---|---|---|---|
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അങ്കണവാടികൾക്ക്<br>-221/16 | മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ്) | 53/26.3.16 | 280000 |
| എസ്.സി.കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (226/16) | പ്ലാൻ (എസ്.സി.പി) | 52/26.3.16 | 300000 |
| ചാമക്കുന്ന് പാൽസൊസൈറ്റി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (220/16) | പ്ലാൻ (ജ) – 50000<br>സി.എഫ്.സി - 100000 | 54/26.3.16<br>55/26.3.16 | 50000<br>100000 |
| ആകെ | | | 730000 |

28/3/2016 ന് ട്രഷറിയിൽ നിന്നും മേൽ പദ്ധതികൾക്കായി പിൻവലിച്ച 7,30,000/- രൂപ 29.3.16 ന് ക്യാഷായി വാട്ടർ അതോറിറ്റിയിൽ 3 പദ്ധതികൾക്കായി നിക്ഷേപിച്ചിട്ടുണ്ട്. 1000/- രൂപയിൽ കൂടുതലുള്ള ചെലവുകൾ ഡി.ഡി.യായി മാത്രമേ നൽകാവൂ എന്നും നേരിട്ട് പണമായി ചെലവഴിക്കാവുന്നതല്ല എന്നുമുള്ള സർക്കാർ ഉത്തരവ് (G.O.(P).177/2006/fin/12.4.06) പാലിച്ചിട്ടില്ല. മാർച്ച് മാസമായതിനാൽ ഡി.ഡി.യാക്കി മാറ്റുന്നതിന് കാലതാമസം ഉണ്ടാകുമെന്നും ഇത് ഒഴിവാക്കുന്നതിനാണ് തുക കാഷായി നൽകിയത് എന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണം ( ഓഡിറ്റ് എൻക്വയറി -4/17.12.16 നമ്പള്ള മറുപടി) അംഗീകരിക്കാവുന്നതല്ല. പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയുമായി തയ്യാറാക്കിയ കരാറിൽ കാലാവധിയുൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. നാളിതുവരെ പ്രവർത്തി നടപ്പിലാക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാകുന്നു എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതും വിനിയോഗരേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ

ഈടാക്കേണ്ടതുമാണ്.

## 3-5 എം.എൻ.ലക്ഷം വീട് - തുക വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.

ഗ്രാമപഞ്ചായത്തിന് എം.എൻ.ലക്ഷം വീട് പദ്ധതിക്കായി ഹൗസിംഗ് ബോർഡിൽ നിന്നും ലഭിച്ച താഴെ പറയുന്ന തുകകൾ വെള്ളിനേഴി പഞ്ചായത്ത് കാർഷിക ഉത്പാദന സംഭരണ സംസ്കരണ വിപണന ക്രഡിറ്റ് സഹകരണസംഘം A/C 142 ൽ നിക്ഷേപിച്ചിട്ടുണ്ട്.

| | |
|---|---|
| 3.5.10 | 62270 |
| 13.11.10 | 34690 |
| 4.4.11 | 387400 |
| 30.4.11 | 29700 |
| 15.3.13 | 191440 |
| | 705500 |

7.9.13 ന് ശേഷം പ്രസ്തുത അക്കൗണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. 31.3.16 ന് അക്കൗണ്ടിൽ പലിശയുൾപ്പെടെ 199896 രൂപ നീക്കിയിരുപ്പുണ്ട്. ലക്ഷംവീട് പുനരുദ്ധാരണത്തിനായി ഹൗസിംഗ് ബോർഡ് അനുവദിച്ച തുക നാളിതുവരെ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചത് ക്രമപ്രകാരമല്ല. ചെലവഴിക്കാത്ത തിരിച്ചടക്കണമെന്ന് തുക അനുവദിച്ച ഉത്തരവിൽ ഹൗസിംഗ് ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. എം.എൻ.ലക്ഷംവീട് പുനരുദ്ധാരണത്തിന് തുക ചെലവഴിക്കാൻ കഴിയാത്തപക്ഷം തുക തിരികെ ഒടുക്കേണ്ടതാണ്.

## 3-6 ഡിജിറ്റൽ ക്ലാസ്റൂം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് - ജി.എൽ.പി.എസ്.വെള്ളിനേഴി സ്മാർട്ട് ക്ലാസ്സ് റൂം.

പ്രൊജക്റ്റ് നം - 218/16

അടങ്കൽ - 69320/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 69320/-

ബിൽ നം - 4/19.3.16

നിർവഹണം - ഹെഡ് മാസ്റ്റർ

വെള്ളിനേഴി എൽ.പി.സ്കൂളിലെ ഒന്നാം ക്ലാസ് സ്മാർട്ട് ക്ലാസ് റൂമാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. നിർവഹണഉദ്യോഗസ്ഥൻ ഹാൻഡ് ക്വട്ടേഷൻ ക്ഷണിച്ച് ഊരാളുങ്കൽ, ശ്രീകൃഷ്ണപുരം എന്ന സ്ഥാപനം മുഖേനയാണ് സോഫ്റ്റ് വെയർ ഡവലപ്പ്മെന്റ്, ഇൻസ്റ്റലേഷൻ, ട്രെയിനിംഗ്, പ്രൊജക്ടർ പർച്ചേസ് എന്നിവയുൾപ്പെടുന്ന പദ്ധതി നിർവഹിച്ചത്. പദ്ധതി ചെലവുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Service charge for LEMS software development | 20000 |
| Service charge for LEMS intro & familiarising | 4800 |
| Service charge for LEMS installation & deployment | 14800 |
| Service charges for networking,system setup, installation of configuration | 9910 |
| Material supply | 19810 |
| | 69320 |

ഒന്നാം ക്ലാസ് പാഠപുസ്തകങ്ങളിലെ Activities അടിസ്ഥാനമാക്കിയാണ് സോഫ്റ്റ് വെയർ തയ്യാറാക്കിയത് എന്നാണ്

നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചത്. ജി.ഒ.(പി).362/13/lsgd/16.11.13 പ്രകാരം അധ്യാപകപരിശീലനം, പുസ്തകങ്ങൾ, മറ്റ് പഠനസാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസവകുപ്പിന്റെ ചുമതലയായതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഗ്രാമപഞ്ചായത്തുകൾ ഇത്തരം പദ്ധതികൾ ഏറ്റെടുക്കാവുന്നതല്ല. കൂടാതെ പ്രൈമറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ എസ്.എസ്.എ. നടപ്പിലാക്കുന്നതിനാൽ ഗ്രാമപഞ്ചായത്ത് ആവർത്തനം ഒഴിവാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി സോഫ്റ്റ് വെയർ ഡവലപ്പ് ചെയ്യുന്നതിന് സർക്കാരിൽ നിന്നോ വിദ്യാഭ്യാസ വകുപ്പിൽ നിന്നോ അനുമതി ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്. വിദ്യാഭ്യാസ വകുപ്പിന്റെ IT@school മുഖേന പദ്ധതി നടപ്പിലാക്കുന്നതിനും ശ്രമിച്ചിട്ടില്ല. 2016-17 ലും സമാനമായ പദ്ധതി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് അധികാരമില്ലാത്ത മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. തുടർ പദ്ധതികൾ ആവശ്യമായ അംഗീകാരം ലഭ്യമാക്കിയശേഷം മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 മാർഗദീപ്തി-ഭിന്നശേഷിയുള്ളവർക്ക് മരുന്ന് വാങ്ങൽ പദ്ധതി- അപാകതകൾ

പ്രൊജക്ട് – മാർഗദീപ്തി-ഭിന്നശേഷിയുള്ളവർക്ക് മരുന്ന് വാങ്ങൽ

പ്രൊജക്ട് നം - 160/16

അടങ്കൽ - 92761(CFC)

ചെലവ് -

ബിൽ നം - 2/20.8.15 = 53026

- 13/23.3.16=38120

നിർവഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

2015-16 ൽ പദ്ധതി പ്രകാരം ആകെ 91146/- രൂപയ്ക്ക് കാരുണ്യ ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ മരുന്ന് സ്റ്റോക്കിലെടുത്ത് അടുത്ത ദിവസം തന്നെ പൂർണ്ണമായും ഇഷ്യു ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആർക്ക് നൽകി എന്ന് രേഖപ്പെടുത്തിയിട്ടില്ല.(സ്റ്റോക്ക് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല). മാർഗദീപ്തി എന്ന ചാരിറ്റബിൾ ട്രസ്റ്റാണ് മുഖേന മെഡിക്കൽ ക്യാമ്പ് നടത്തി വിതരണം ചെയ്തത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. ക്യാമ്പിൽ പങ്കെടുത്ത രോഗികളുടെയും മരുന്ന് വിതരണം ചെയ്തതിന്റെയും രേഖകളും സൂക്ഷിച്ചിട്ടില്ല. മരുന്നിന്റെ ആവശ്യകത എപ്രകാരമാണ് നിർണ്ണയിച്ചത് എന്നും വ്യക്തമല്ല. മരുന്ന് സൂക്ഷിപ്പ്, വിതരണം എന്നിവയ്ക്ക് കർശനമായ നിയന്ത്രണമുള്ള Narcotic and Psychotropic drugs കൃത്യമായ രേഖകൾ സൂക്ഷിക്കാതെയും അനവധനീയമായ അളവിൽ കൂടുതലായും രോഗികൾക്ക് വിതരണം ചെയ്യുന്നത് ക്രമപ്രകാരമല്ല. ഇത്തരം മരുന്നുകൾ വാങ്ങി മറ്റ് ഏജൻസികൾക്ക് നൽകുമ്പോൾ ഉപയോഗം നിയമാനുസൃതമാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 ജവഹർലാൽ നെഹ്റു ജയന്തി ഭവനപദ്ധതി - അപാകതകൾ

പ്രൊജക്ട് നമ്പർ - 77/16

അടങ്കൽ - 2600000- (പ്ലാൻ)

ചെലവ് - 1640000

നിർവഹണം -വി.ഇ.ഒ

ജവഹർലാൽ നെഹ്റു ജയന്തി ഭവനപദ്ധതി മുഖേന 12 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

ഭവനനിർമ്മാണത്തിനുള്ള അപേക്ഷ നൽകേണ്ടത് വനിതയായിരിക്കണം എന്നും ധനസഹായം അനുവദിക്കേണ്ടതും വനിതയുടെ പേരിലായിരിക്കണം എന്നും 12 പദ്ധതി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം വനിതകളല്ലാത്ത താഴെ പറയുന്ന മൂന്ന് ഗുണഭോക്താക്കളുടെ പേരിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്

1. ശ്രീ.അജേഷ് കുമാർ
2. ശ്രീ. ഹരിദാസൻ

3. ശ്രീ.സുകമാരൻ.

ഭവനപദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നിലവിൽ വാസയോഗ്യമായ ഭവനമില്ല എന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ശ്രീമതി.ഉഷ, w/o പ്രകാശൻ, തിരുവാഴിയോട് എന്ന ഗുണഭോക്താവിന് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. പൊസഷൻ സർട്ടിഫിക്കറ്റ് , പെർമിഷൻ അഫിഡാവിറ്റ് എന്നിവ പരിശോധിച്ചതിൽ സ്ഥലം പ്രകാശന്റെയും മറ്റ് മൂന്ന് പേരുടെയും ജോയിന്റ് പ്രോപ്പർട്ടിയാണ് എന്ന് കാണുന്നു.പ്രസ്തുത സ്ഥലത്ത് വീട് വെയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് സ്ഥലത്തിന്റെ 4 ഉടമകളും സമ്മതപത്രം നൽകിയിട്ടുണ്ട്. സ്ഥലം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയില്ല എന്ന് സെക്രട്ടറിയുമായുള്ള കരാറിൽ ഗുണഭോക്താക്കൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥലം മറ്റ് മൂന്നുപേരുടെ കൂടെ ജോയിന്റ് പ്രോപ്പർട്ടിയായതിനാൽ മേൽ കരാറിന് നിയമസാധുതയില്ല. നിയമാനുസൃതം ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നും ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഉൾപ്പെടെ എല്ലാ രേഖകളും ലഭ്യമാക്കിയശേഷം മാത്രം ഭവനനിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തുവാനും ധനസഹായം അനുവദിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 IAY ഭവനപദ്ധതി - വിനിയോഗവിവരം ലഭ്യമല്ല.

ഐ.എ.വൈ.ഭവനപദ്ധതിയുടെ പഞ്ചായത്ത് വിഹിതമായി വി.ഇ.ഒ താഴെ പറയുന്ന തുകകൾ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| | പ്രൊജക്ട് | പ്രൊജക്ട് നം | ബിൽ നം | തുക | ഡി.ഡി.നം |
|---|---|---|---|---|---|
| 1 | ഐ.എ.വൈ (ജനറൽ) | 75/15 | 3/29.9.15 | 455000 | 267995/12.11.15 |
| 2 | ഐ.എ.വൈ (എസ്.സി.പി) | 76/16 | 4/29.9.15 | 1007500 | 2679996/12.11.15 |
| 3 | “ | “ | 7/12.2.16 | 32500 | 2222618/16.2.16 |

പട്ടികയിലെ ക്രമനമ്പർ 1 &2 എന്നിവ പ്രകാരം ട്രഷറിയിൽ നിന്നും 30/9/15 ന് കാഷ് ചെയ്ത പദ്ധതി തുക (1462500) 11.11.15 നാണ് ഡി.ഡി. യാക്കി മാറ്റി (വി.ഇ.ഒ യുടെ ബാങ്ക് അക്കൗണ്ടിൽ (കാനറ ബാങ്ക് - 1536101101096)

17.4.15 മുതൽ 31.12.15 വരെയുള്ള ട്രാൻസാക്ഷനുകൾ രേഖപ്പെടുത്തിയിട്ടില്ല). പദ്ധതി ഫണ്ട് ഡി.ഡി.യാക്കി മാറ്റുന്നതിന് വേണ്ടി മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നത്.ഉക 30 ദിവസത്തിനകം ചെലവ് ചെയ്യാത്ത തുക തിരിച്ചടക്കേണ്ടതാണെന്നും നിബന്ധനയുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ട പദ്ധതി വിഹിതം വി.ഇ.ഒ ട്രഷറിയിൽ നിന്നും പിൻവലിച്ച് 40 ദിവസത്തിന് ശേഷം മാത്രം ഡി.ഡി.യാക്കി മാറ്റിയ നടപടി ക്രമപ്രകാരമല്ല.

ബ്ലോക്ക് പഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗവിവരങ്ങൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. പദ്ധതി ഫണ്ട് മറ്റ് സ്ഥാപനങ്ങൾക്ക് നൽകുമ്പോൾ പദ്ധതി സമയബന്ധിതമായി പൂർത്തിയാകുന്നു എന്നും തുക ചെലവഴിച്ചു എന്നും നിർവഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-10 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

ജവഹർലാൽ നെഹ്റു ജയന്തി ഭവനപദ്ധതി പ്രകാരം തിരഞ്ഞെടുത്ത 12 ജനറൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 200000/- രൂപയാണ് 5 ഗഡുക്കളായി നൽകേണ്ടത്. ആദ്യഗഡുവായ 20000/- രൂപ കരാർ ചമച്ച ഉടനെ മുൻകൂറായി നൽകിയിട്ടുണ്ട്. 2015-16 ൽ പൂർത്തിയാക്കേണ്ട ഭവനനിർമ്മാണപദ്ധതിയിലെ 11 ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കി ധനസഹായം പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബാലൻസ് |
|---|---|---|---|
| 1 | ശാന്ത, ടി.എൻ.പുരം | 20000 | 180000 |
| 2 | ഉഷ | 140000 | 60000 |
| 3 | പാർവതി, ടി.എൻ.പുരം | 80000 | 120000 |
| 4 | സരോജിനി | 180000 | 20000 |
| 5 | ഗിരിജ | 180000 | 20000 |
| 6 | സത്യപ്രഭ | 140000 | 60000 |
| 7 | അജേഷ് കുമാർ | 180000 | 20000 |
| 8 | ഹരിദാസൻ | 140000 | 60000 |
| 9 | കുഞ്ഞിലക്ഷ്മി | 180000 | 20000 |
| 10 | നിമിഷ | 80000 | 120000 |

| | | | |
|---|---|---|---|
| 11 | സുകുമാരൻ | 140000 | 60000 |

ഭവനനിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മീഡിയശ്രീ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് - മീഡീയശ്രീ(172/16)

അടങ്കൽ - 65000

ചെലവ് -65000

ബിൽ നം - 1/10.8.15 – 65000/-

പദ്ധതി തുക വി.ഇ.ഒ. ട്രഷറിയിൽ നിന്നും പിൻവലിച്ച് ഗ്രാമപഞ്ചായത്തിലെ സി.ഡി.എസിന് നൽകിയിട്ടുണ്ട്. കുടംബശ്രീ മിഷന് നൽകുന്നതിനായി ഡി.ഡി.എടുക്കുന്നതിനാണ് തുക നൽകുന്നത് എന്ന് വി.ഇ.ഒ. യുടെ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നേരിട്ട് കുടംബശ്രീ മിഷന് നൽകുന്നതിന് പകരം സി.ഡി.എസിന് കാഷായി തുക നൽകിയത്. തുക സി.ഡി.എസ്. ഡി.ഡി. നമ്പർ 267910/3.9.15 മുഖേന ജില്ലാമിഷന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ചെലവഴിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 3-12 നിർവഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് തിരിച്ചടക്കേണ്ടതാണ്.

വി.ഇ.ഒ. യുടെ പേരിലുള്ള കാനറ ബാങ്ക് അക്കൗണ്ടിൽ 31.10.16 ന് 25687/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പലിശയിനത്തിൽ ലഭിച്ച വരവാണ് എന്നാണ് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. തിരിച്ചടക്കേണ്ടതാണ്. നോൺബാങ്കിംഗ് ട്രഷറിയ്ൽ നിന്നും ലഭിക്കുന്ന പദ്ധതിഫണ്ട് ഡി.ഡി.യാക്കി മാറ്റുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ തുക മാസങ്ങളോളം ചെലവഴിക്കാതെ നിക്കേപിക്കുന്നതിനാലാണ് പലിശയിനത്തിൽ വരവുണ്ടാകുന്നത്. പദ്ധതിഫണ്ട് നിക്ഷേപിച്ച് ഉടൻതന്നെ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ഡി.ഡി.വാങ്ങേണ്ടതാണ് എന്ന നിബന്ധന(ജി.ഒ.(പി).177/12.4.2006) പാലിച്ചിട്ടില്ല. ഓരോ മാസവും അവസാനം 30 ദിവസത്തിലധികമായി ചെലവഴിക്കാത്ത തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടക്കണം എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. നിർവഹണഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ് . അക്കൗണ്ടിൽ നിലവിൽ നീക്കിയിരുപ്പുള്ള തുക തിരിച്ചടക്കേണ്ടതും ഭാവിയിൽ പദ്ധതിഫണ്ട് വിനിയോഗത്തിൽ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതും ഗ്രാമപഞ്ചായത്ത് പദ്ധതിഫണ്ടിന്റെ വിനിയോഗം മോണിറ്റർ ചെയ്യേണ്ടതുമാണ്.

## 3-13 അങ്കണവാടികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കരുത് എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ സുരക്ഷ

ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ 2015-16 ൽ നടത്തിയിട്ടില്ല .ഫിറ്റ് നെസ്സ് പരിശോധിക്കുന്നതിനായി രേഖാമൂലം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും 2013-14 മുതൽ നാളിതുവരെ കെട്ടിടങ്ങളുടെ പരിശോധന നടത്തിയിട്ടില്ല എന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചത്. ഗ്രാമപഞ്ചായത്ത് അധികാരികളും ഭരണസമിതിയും ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കേണ്ടതും കെട്ടിടങ്ങളുടെ സാങ്കേതിക പരിശോധന നടത്തി ഫിറ്റ്നസ്സ് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-14 അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്തിലെ 19 അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | : | 19 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | : | 18 |
| 3. | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | : | 1 |
| 4. | ടോയ് ലെറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | : | 19 |
| 5. | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | : | - |
| 6 | വൈദ്യുതി ഉള്ളവ | : | 18 |
| 7. | കുടിവെള്ളം ലഭ്യമായവ | : | 14 |
| 8 | ചുറ്റുമതിൽ | | 11 |
| 9 | മെയിന്റനൻസ് പ്രവൃത്തികൾ | | 8 അങ്കണവാടികൾ ടൈൽഡ് റൂഫുള്ളതാണ്. ഇവയ്ക്ക് വാർഷിക അറ്റകുറ്റപണി നടത്തിയിട്ടില്ല |

കുടിവെള്ളം,വൈദ്യുതി കണക്ഷൻ,ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പല അംഗൻവാടികളിലും നിലവിലില്ല. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും,കുടിവെള്ളം, ചുറ്റുമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലറ്റ് തുടങ്ങിയ അടിസ്ഥാന

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-15 എ.ബി.സി. പ്രോഗ്രാം - വിനിയോഗവിവരം ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ - 205/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

അടങ്കൽ - 286000 ( plan)

- 64000( CFC)

ചെലവ് - 350000 /-

ബിൽ നം - 1/21.3.16 – 286000

2/21.3.16 - 64000

ഡി.ഡി നം. - 268192/22-3-2016

തെരുവു നായ്ക്കളുടെ വന്ധ്യംകരണത്തിനായുള്ള ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ 350000 രൂപ പദ്ധതി ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും രേഖകൾ ജില്ലാപഞ്ചായത്തിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. തുക സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 3-16 തെരുവ് നായ്ക്കളെ നശിപ്പിക്കുന്നതിനായി 44100/- രൂപ ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ 441 നായകളെ പിടിച്ച നശിപ്പിച്ചതിന് ശ്രീ.രവി.പി, മാട്ടുപ്പാറ, നെന്മാറ എന്ന വ്യക്തിക്ക് 44100/- രൂപ നൽകിയിട്ടുണ്ട്.(വൗച്ചർ നം - 21500767/20.1.2016).തെരുവ് നായകളുടെ പ്രജനന നിയന്ത്രണപരിപാടികളാണ് നടപ്പിലാക്കേണ്ടത് എന്ന് സെക്രട്ടറി അറിയിച്ചുവെങ്കിലും ഭരണസമിതി ( 5-1-16 ലെ 9 നമ്പർ തീരുമാനം) " അപകടകാരികളായ തെരുവ് നായ് ക്കളെ പിടിച്ചു നശിപ്പിക്കുവാൻ " തീരുമാനിക്കുകയായിരുന്നു. തെരുവ് നായ് ക്കളെ നശിപ്പിക്കുന്നത് നിയമപ്രകാരം അനുവദനീയമല്ല. നിയമവിരുദ്ധമായ പ്രവർത്തികൾക്കായി പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-17 തെരുവ് വിളക്കുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പ്രതിമാസം 23580/- രൂപ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ വൈദ്യുതി ബോർഡിന് ഒടുക്കുന്നുണ്ട്. കൂടാതെ 4 ഹൈമാസ്റ്റ് ലാമ്പുകൾക്കുള്ള മീറ്റർ ചാർജും ഒടുക്കുന്നുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കുകളൊന്നും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. കെ.എസ്.ഇ ബി.യിൽ നിന്നും ഇതു സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ 784 സി.എഫ്.എൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 784 സി.എഫ്.എല്ലിന് 14 രൂപ നിരക്കിൽ പ്രതിമാസ ചാർജ് 10976 (784x14) രൂപയാണ് യഥാർത്ഥത്തിൽ ഒടുക്കേണ്ടത്.അതിനാൽ ഈയിനത്തിൽ പ്രതിവർഷം 151248/- രൂപ (12x(23580-10976)) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാകുന്നുണ്ട്.തനത് വരുമാനം കുറവായ പഞ്ചായത്തിൽ ഇപ്രകാരമുള്ള വരുമാനനഷ്ടം ഒഴിവാക്കാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് സംയുക്ത പരിശോധന നടത്തുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.ക്ക് കത്തു നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭ്യമായില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തും വൈദ്യുതി ബോർഡും സംയുക്തമായി പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കി ആയതിനെ അടിസ്ഥാനമാക്കി ചാർജ് ഒടുക്കേണ്ടതാണ്.ഭരണസമിതിയും ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടായ ഉഴവുകൂലിക്കുള്ള ചെലവ് ജില്ലാപഞ്ചായത്ത് നേരിട്ട് (പ്രിൻസിപ്പൽ കൃഷി ഓഫീസർ) ചെലവഴിച്ചു. ഗ്രാമപഞ്ചായത്തിന്റെ കണക്കുകളിൽ ഇവ ഉൾപ്പെടുന്നില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ലഭ്യമായില്ല

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിവിധ അങ്കണവാടി കളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (221/16) | 53/26.3.16 | 280000 | - | വിനിയോഗ വിവരം ലഭ്യമായില്ല |
| വാട്ടർ അതോറിറ്റി | S.C. കോളനി കളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(226/16) | 52/26.3.16 | 300000 | | വിനിയോഗ വിവരം ലഭ്യമായില്ല |
| | ചാമക്കുന്ന് പാൽ സൊസൈറ്റി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(226/16) | 55/26.3.16 | 150000 | | വിനിയോഗ വിവരം ലഭ്യമായില്ല |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 25930 /- രൂപ ഈടാക്കിയിട്ടുണ്ട്. ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 2009-10,10-11 | 3-1 | 7500 | ശ്രീ.എം.ശ്രീധരൻ, സെക്രട്ടറി | 11504102676/11.1.16 | |
| 2011-12 | 3-3 | 18430 | ശ്രീ.അനിലകുമാരൻ, എ.ഇ | 11504103785/29.3.16 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013 - 14 | | 2013-14 | 6 (3) | GO(P) 259 /10ത.സ്വ.ഭ.വ. Dt: 08.11.10 നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2013 - 14 | | 2013-14 | 6 (3) (1) | Social Audit committee രൂപീകരിച്ചിട്ടില്ല | “ |
| 2013 - 14 | | 2013-14 | 6 (3) (2) | ആവശ്യം നിർണ്ണയിക്കൽ നടത്തുന്നില്ല. | “ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 55580796 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45882293 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 700488 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 436700 | ശ്രീ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 3-2 | 263788 | “ |
| | 700488 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | --- | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 വരവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/1382/08/15.12.08 | ഫർദർ റിമാർക്സ് |
| 1996-97 ചെലവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.12/1921/12/02.04.14 | ഫർദർ റിമാർക്സ് |
| 1997-98ചെലവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.11/205/3(1)/26.03.08 | ഫർദർ റിമാർക്സ് |
| 1997-98വരവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/767/18.09.08 | |
| 1998-99ചെലവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/527/06/08.08.06 | ഫർദർ റിമാർക്സ് |
| 1999-2000വരവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/1364/08/15.02.08 | ഫർദർ റിമാർക്സ് |
| 1999-2000ചെലവ് ഓഡിറ്റ് റിപ്പോർട്ട് | എൽ.എഫ്.പി.8/1385/08/17.04.09 | ഫർദർ റിമാർക്സ് |
| 2000-2001 | എൽ.എഫ്.പി.8/1386/08/17.04.09 | ഫർദർ റിമാർക്സ് |
| 2001-2002 | എൽ.എഫ്.പി.8/892/09/17.11.09 | ഫർദർ റിമാർക്സ് |
| 2002-2003 | എൽ.എഫ്.പി.12/1115/11/07.04.12 | ശുദ്ധിപത്രം പുറപ്പെടുവിക്കുന്നു |
| 2003-2004 | എൽ.എഫ്.പി.12/1750/14/12.09.14 | സർചാർജ്ജ് നോട്ടീസ് അഭിപ്രായം അറിയിച്ചത് സംബന്ധിച്ച് |
| 2004-2005 | എൽ.എഫ്.പി.8/536/09/07.12.09 | റിപ്പോർട്ട് |
| 2005-2006 | എൽ.എഫ്.പി.12/1116/11/19.03.12 | ഫർദർ റിമാർക്സ് |
| 2006-2007 | എൽ.എഫ്.പി 12/1117/11/19.03.12 | ഫർദർ റിമാർക്സ് |
| 2007-2008 | എൽ.എഫ്.പി.12/1118/11/19.03.12 | ഫർദർ റിമാർക്സ് |
| 2008-2009 | എൽ.എഫ്.പി.12/1119/11/10.04.12 | ഫർദർ റിമാർക്സ് |
| 2009-2010<br>2010-2011 | എൽ.എഫ്.പി.12/1576/14/17.10.14 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2011-2012 | എൽ.എഫ്.പി.12/1015/14/10.07.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-2013 | എൽ.എഫ്.പി.12/289/15/27.3.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 മുതൽ 2014-15 വരെ | | |

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി. / /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി - - -2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD- /2016

Kerala State Audit Department

District Audit Office

Palakkad

Date - - -2016

## Audit Certificate

Certified that I have audited the Annual Financial Statement of vellinezhi Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of vellinezhi Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset value not updated and linked with Sankhya.

Deputy Director